**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3062** **07-10-2025 - ൽ മറുപടിയ്ക്ക്**

**മണലും എക്കലും നീക്കം ചെയ്യുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രണ്ടു ദിവസം തുടർച്ചയായി മഴ പെയ്താൽ തന്നെ വെള്ളപ്പൊക്കം രൂക്ഷമാകുന്ന സാഹചര്യം മറികടക്കാൻ ആറുകൾ, തോടുകൾ, ഡാമുകൾ എന്നിവിടങ്ങളിലെ മണലും എക്കലും നീക്കം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ജലസേചന വകുപ്പിനു കീഴിലുള്ള ഡാമുകളുടെ ഡീസിൽറ്റേഷൻ നടപ്പിലാക്കുന്നതിനു വേണ്ടി Standard Operating Procedure (SOP) സർക്കാർ അംഗീകരിക്കുകയും, ഡാമുകളിലെ ഡീസിൽട്ടേഷൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുകയും ചെയ്യുന്നു.<br><br>നിലവിൽ മീങ്കര, ചുള്ളിയാർ, വാളയാർ, മംഗലം എന്നീ ഡാമുകളിൽ നിന്നും യഥാക്രമം 0.603 Mm3, 0.735 Mm3, 0.410 Mm3, 0.153 Mm3 ചെളിയും മണലും നീക്കം ചെയ്തു. മലങ്കര ഡാം ഡീസിൽറ്റേഷൻ പ്രവൃത്തിയ്ക്ക് അനുമതി നൽകിക്കൊണ്ട് 23/06/2025-ലെ സ.ഉ. (കൈ) നമ്പർ 51/2025/WRD പ്രകാരം ഭേദഗതി ചെയ്ത ഉത്തരവ് ലഭിച്ചിട്ടുണ്ട്.<br><br>മറ്റ് ഡാമുകളുടെ ഡീസിൽട്ടേഷൻ നടപ്പിലാക്കുന്നതിന് വിശദമായ പദ്ധതി രേഖ തയ്യാറാക്കേണ്ടതുണ്ട്. ആയതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>മലമ്പുഴ, കാഞ്ഞിരപ്പുഴ അണക്കെട്ടുകളിലെ മണ്ണും, ചെളിയും നീക്കം ചെയ്യുന്നതിന് പ്രാരംഭ പഠന പദ്ധതിയ്ക്ക് സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 515/2025/WRD തീയതി 28/05//2025 പ്രകാരം ജലവിഭവ (എം.പി) വകുപ്പ് 1,63,15,000/- രൂപ e-അനുമതിയിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ മലമ്പുഴ, കാഞ്ഞിരപ്പുഴ അണക്കെട്ടുകളിലെ മണ്ണും, ചെളിയും നീക്കം ചെയ്യുന്നതിന് പ്രാരംഭ പഠന പദ്ധതിയ്ക്ക് 2,13,15,000/- രൂപ ചെലവാകുമെന്ന് കണ്ടെത്തിയതിനാൽ അധികമായുള്ള 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

ജലസേചന വകുപ്പിനു കീഴിലുള്ള ആറുകളിൽ നിന്നും തോടുകളിൽ നിന്നും എക്കലും, ചെളിയും നീക്കം ചെയ്യുന്നത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1) FC - River course correction work by dredging Korappuzha River from Railway Bridge at Ch: 418.32 KM to Korappuzha River mouth in Koyilandy Taluk - Kozhikode District (DSR-2016)

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ പഞ്ചായത്തിലൂടെ കടന്നുപോകുന്ന കോരപ്പുഴയുടെ അഴിമുഖത്തുനിന്നും പടിഞ്ഞാറുഭാഗത്തേക്ക് 100 മീറ്ററിൽ നിന്നും തുടങ്ങി കിഴക്കോട്ട് അപ്സ്ട്രീം ഭാഗത്തേക്ക് 1600 മീറ്റർ നീളത്തിൽ അടിഞ്ഞ് കൂടിയിട്ടുള്ള 1,80,000 $m^3$3 എക്കലും മണലും നീക്കം ചെയ്ത് പുഴയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനായാണ് പ്രസ്തുത പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്. 12/12/2017 തീയതിയിലെ GO(Rt) No. 997/2017/WRD പ്രകാരം ₹375 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, 07/11/2019 തീയതിയിലെ ഓർഡർ നം. IDKkd/2019-2020/2017/557/IA പ്രകാരം ₹375 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ച് വരുന്നു.

2) DESILTING OF KALLAI RIVER FROM KADUPPINI TO KOTHI IN KOZHIKODE CORPORATION

കോഴിക്കോട് നഗരത്തിലൂടെ ഒഴുകി കോതി എന്ന സ്ഥലത്ത് അറബിക്കടലുമായി സംയോജിക്കുന്ന കല്ലായി പുഴയിൽ കടുപ്പിനി മുതൽ കോതി വരെ ഉള്ള 4.2 കി.മീ ദൂരത്തിൽ വർഷങ്ങളായി അടിഞ്ഞ് കൂടിയിരിക്കുന്ന എക്കൽ, ചെളി, മരത്തടികൾ, മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്തു പുഴയുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തി നഗരത്തിൽ ഉണ്ടാകുന്ന പ്രളയ സാധ്യത ഒഴിവാക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത പ്രവൃത്തി വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് കോഴിക്കോട് കോർപ്പറേഷനിൽ നിന്ന് 15/02/2021 തീയതിയിലെ Resolution No. (90) പ്രകാരം ₹7.5 കോടി രൂപയും, 30/12/2021 തീയതിയിലെ Resolution No. 64 പ്രകാരം ₹40 ലക്ഷം രൂപയും ഭരണാനുമതിയായി നൽകിയിട്ടുണ്ട്. 07/03/2022 തീയതിയിലെ ഓർഡർ നം. IDKkd/2021-2022/2018/4170/IA പ്രകാരം ₹790 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ച് വരുന്നു.

3) GENERAL-Thrissur District-Total development plan for Wadakkanchery river -Phase I-General Civil Work

വാഴാനി ഡാമിനും കാഞ്ചിരക്കോടിനും ഇടയിലുള്ള വടക്കാഞ്ചേരി നദിയുടെ ഏകദേശം 20 കിലോമീറ്റർ നീളത്തിൽ ചെളി നീക്കം ചെയ്യൽ, ടൂറിസം വികസനങ്ങൾ, നിലവിലുള്ള ജലസംഭരണ ഘടനകളുടെ പരിപാലനം, നദീതീര സംരക്ഷണം, വടക്കാഞ്ചേരി നദിയുടെ പ്രധാന ഫീഡർ കനാലുകളുടെ പുനരുജ്ജീവനം തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ ഒരു സംയോജിത പദ്ധതിയാണിത്. 07-06-2023 തീയതിയിലെ G.O.(Rt)No.526/2023/WRD നമ്പർ ഉത്തരവ് പ്രകാരം 9.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 19-06-2023 തീയതിയിലെ. ഓർഡർ നം. IRR/IA/EST_TS/608/2022_5_2_1 പ്രകാരം 9.99 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ച് വരുന്നു.

4) GENERAL-Thanikudam River- Total development plan for Thanikudam River Phase I-General Civil Work

കേരളത്തിലെ ഏറ്റവും ചെറിയ നദികളിൽ ഒന്നായ പുഴയ്ക്കൽ നദി എന്നും അറിയപ്പെടുന്ന താണിക്കുടം പുഴ ജലവിതാനത്തിന്റെ ശോഷണം, ചെളി അടിഞ്ഞുകൂടൽ, വനനശീകരണം എന്നിവ മൂലം ആശങ്കാജനകമായ അവസ്ഥയിലായതിനാൽ നദീ പരിശീലന പ്രവർത്തനങ്ങൾ നടത്തിയും, അടിഞ്ഞു കൂടിയ എക്കലും ചെളിയും നീക്കം ചെയ്തു ജലസംഭരണശേഷി മെച്ചപ്പെടുത്തിയും പുഴയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ചെളി നീക്കം ചെയ്യൽ, നിലവിലുള്ള ജലസംഭരണ ഘടനകളുടെ അറ്റകുറ്റപ്പണി, നദീതീര സംരക്ഷണം, ചുറ്റുമുള്ള പ്രദേശത്തെ ജലസേചന സാധ്യത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ജലവിതരണം ഉറപ്പാക്കാൻ ഇഷാഞ്ചിറ ചെക്ക് ഡാം നിർമ്മാണം എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്ന പ്രധാന പ്രവൃത്തികൾ. 02-09-2023 തീയതിയിലെ G.O.(Rt)No.765/2023/WRD നമ്പർ ഉത്തരവ് പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 28-09-2024 തീയതിയിലെ. ഓർഡർ നം. IRR/IA/EST_TS/1811/2022_5_1_1 പ്രകാരം 5

കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ച് വരുന്നു.

5) തിരുവനന്തപുരം ജില്ലയിലെ വാമനപുരം പുഴയുടെ പുനരുജ്ജീവനത്തിനായി 2 കോടി രൂപ GO(Rt) No 592/2023/WRD dated 27.06.2023 പ്രകാരം "Rejunenation of Vamanapuram River" എന്ന പ്രവർത്തിക്കു നൽകുകയും മേൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണ്.

6) കൂടാതെ കൊല്ലം ജില്ലയിലെ വരട്ടാർ ആദിപമ്പയുടെ പുനരുജ്ജീവനത്തിനായി "Expression of Interest for the Rejuvenation of Varattar and Aadhipampa in Pathanamthitta District- Removal of Earth" എന്ന പ്രവൃത്തി agreement നമ്പർ 09/SE/ISC/2021-22 dated 14.09.2021 പ്രകാരം 43,93,14,868/- രൂപയ്ക്ക് 6,42,273.2 cum മണ്ണ് മാറ്റുന്നതിനായി ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.

7) ആലപ്പുഴ ജില്ലയിലെ പുഴകളുടെ സംരക്ഷണത്തിനായി താഴെപറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു:

- * GENERAL-THOTTAPPALLY SPILLWAY CHANNEL AND LEADING CHANNEL- Protection work to the Left and Right Banks of Pampa river (Leading Channel to the Thottappally Spillway) from Kurichikkal to Thottappally Spillway and downstream to the Pozhy mouth in Purakkad Gramapanchayath in Ambalappuzha LAC-General Civil Work for an amount of Rs.3700 L.

* GENERAL-PROTECTION WORK-Protection work to the left and right banks of Pampa River and Leading Channel from Veeyapuram to Kurichikkal towards Thottapally Pozhi passing through Veeyapuram, Cheruthana and karuvatta panchayaths -General Civil Work, for an amount of Rs.3330 L.

* GENERAL-Budget Speech 2023-24- Protection work to the left and right banks of Pampa River U/S of Leading Channel from D/S of Veeyapuram bridge to Prayatteri Padasekharam (CH 1/799 to CH 1/980) in

Veeyapuram panchayath in Kuttanad LAC-Reach I-General Civil Work-1 for an amount of Rs.250L.

* GENERAL-Budget Speech 2023-24-Protection work to the left and right banks of Pampa River U/S of Leading Channel from D/S of Veeyapuram bridge to Prayatteri Padasekharam (CH 1/618 to CH 1/799) in Veeyapuram panchayath in Kuttanad LAC-Reach II-General Civil Work-1 for an amount of Rs.250L

* Removal of mineral sand from Thottappally Spillway Channel and Pozhy Mouth - Phase V by KMML

* Expression of interest for the desiltation of sand from upstream and downstream of the thottappally channel and desilting from veeyapuram to kurichikal in river Pampa and leading channel- Reach 1,2, 3 & 4th reach (Kurichikal to Thottappally)

* Desilting & Side Stabilization Work Deepening, formation of bund and stabilization by using Geotextile and granite stone in Pamba river from Melpadom to D/S of Veeyapuram bridge in Veeyapuram panchayath in Kuttanad LAC.-Rs 16 Crores

* Desilting & Side Stabilization Work-Deepening, of bund and stabilization by using Geotextile in Achankovil river from Thuruthel bridge to Mundattinkara thodu of Veeyapuram panchayath in Kuttanad LAC. - Rs 6 Crores

* Desilting & Side Stabilization Work-Deepening, formation of bund in Achankovil river using Geotextile from kuthukuzhy to Mundattinkara thodu at Chettikulangara panchayath and Pallippad panchayath of Kayamkulam and Harippad LAC.- Rs 9 Crores

* Desilting and Side Stabilisation Work-Deepening, formation of bund and stabilization by using Geotextile in Mangotta - Pamba river from Forest depot to Pachapally in Veeyapuram

panchayath and Edathua panchayth in Kuttanad LAC. Rs 5 crores.

* GENERAL-Budget 2024-25-Protection work to the right banks of Pampa River from U/S of Veeyapuram bridge to Melpadom in Veeyapuram panchayath of Kuttanad LAC General Civil Work for an amount of Rs 1.50 Crore-

* GENERAL Budget Speech 2024-25-Protection work to the left bank of Pampa River from U/S of Veeyapuram bridge to Melpadom in Veeyapuram panchayath of Kuttanad LAC- General Civil Work - Rs 1.00 Crore

മേൽ പരാമർശിച്ചിരിക്കുന്ന പ്രധാന പ്രവൃത്തികൾ കൂടാതെ 2702-01-800-86-NGT എന്ന ശീർഷകത്തിൽ എല്ലാ വർഷവും ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം CPCB (Central Pollution Control Board) പ്രസിദ്ധീകരിച്ച മലിനീകരിക്കപ്പെട്ട നദികളുടെ പ്ര യോറിറ്റി പട്ടിക പ്രകാരം വിവിധ നദികളിലെ നിർദ്ദിഷ്ട പ്രദേശത്തെ ഡീസിൽറ്റേഷൻ ഉൾപ്പടെയുള്ള പരിപാലന - സംരക്ഷണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിവരുന്നുണ്ട്. 2022-23 മുതൽ നാളിതുവരെ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇത് കൂടാതെ മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി നോൺ പ്ലാൻ ശീർഷകങ്ങളിൽ നിന്നും ഓരോ ഡിവിഷനുകൾക്കും (മേജർ, മൈനർ) 25 ലക്ഷം രൂപ വീതം എല്ലാ സാമ്പത്തിക വർഷവും അനുവദിച്ചു നൽകാറുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് അടിയന്തര ഡീസിൽറ്റേഷൻ പ്രവൃത്തികൾ കീഴ്ക്കാര്യാലയങ്ങളിൽ നിർവ്വഹിക്കാറുണ്ട്.

മേൽ പ്രവൃത്തികൾ കൂടാതെ 2711-01-103-99-00-00, 2711-01-103-98-00-00, 2702-03-101-98-03-34 എന്ന ശീർഷകങ്ങളിലും എല്ലാ സാമ്പത്തിക വർഷങ്ങളിലും സൂപ്രണ്ടിങ് എഞ്ചിനീയർമാർ സമർപ്പിക്കുന്ന മുൻഗണനാ ക്രമം അനുസരിച്ച് വിവിധ പുഴകളുടെയും തോടുകളുടെയും ശുപാർശ ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ഡിസിൽറ്റേഷൻ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാറുണ്ട്. കൂടാതെ, ദേശീയ പാത വികസനത്തിനായി തെരെഞ്ഞെടുത്ത ജലാശയങ്ങൾ ഡ്രെഡ്ജ് ചെയ്യാനും സംസ്ഥാനത്തെ ദേശിയ പാതകളുടെ, പ്രത്യേകിച്ച് എൻ.എച്ച് 66- ന്റെ വികസനത്തിനായി ഡ്രെഡ്ജ്

| | | | |
|---|---|---|---|
| | | | ചെയ്ത എക്കലും, ചെളിയും ഉപയോഗിക്കുവാനും അനുവദിക്കുന്ന ഒരു സമഗ്ര നയ ചട്ടക്കൂട് 21/04/2025 – ലെ GO(MS) No. 28/2025/WRD പ്രകാരം ജലവിഭവ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള 11 പ്രദേശങ്ങളിൽ ചേറ്റുവ & കോട്ടപ്പുറം റിവർ, പമ്പ റിവർ (തോട്ടപ്പള്ളി മുതൽ കരുമാടി വരെയും വലിയഴിക്കൽ മുതൽ പതിയങ്കര വരെയും, കായംകുളം കടൽമുഖം) എന്നീ 2 നദികൾ (ആറുകൾ) ഉൾപ്പെടുന്നുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഫലപ്രദവും വേഗത്തിലും നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 14/05/2025 – ലെ ഉത്തരവ് GO(MS) No. 37/2025/WRD പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾക്ക് അനുസൃതമായി മേൽപ്പറഞ്ഞ രണ്ട് ആറുകളിലും അമിതമായി അടിഞ്ഞുകൂടിയ എക്കലും, ചെളിയും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ എൻ. എച്ച്.എ.ഐ. മുഖാന്തിരം നടന്നു വരുന്നുണ്ട്. |
| (ബി) | ആറുകളിലെയും തോടുകളിലെയും മണൽ ഏകദേശം 30 വർഷത്തിൽപരമായിട്ടും നീക്കം ചെയ്യാത്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിന് ഉൾപ്പെടെ ഗുണകരമാകുന്ന ആറ്റുമണൽ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ നദികളിൽ നിന്നും പാരിസ്ഥിതിക അനുമതിയോടുകൂടി (Environmental Clearance) മണൽ ഖനനം നടത്തുന്നതിന് വേണ്ട നിയമാനുസൃത നടപടികൾ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു. പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് ആവശ്യമായ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (DSR) ബഹു.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 14.10.2020 തീയതിയിലെ OA No.40/2020 നമ്പർ ഉത്തരവിന്റെ പശ്ചാത്തലത്തിൽ സാൻഡ് ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ മണൽ ലഭ്യത കണ്ടെത്തിയിരുന്ന 17 നദികൾ ഉൾപ്പെട്ട 11 ജില്ലകൾക്ക് വേണ്ടി (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തയ്യാറാക്കുന്ന പ്രവർത്തനം കേന്ദ്രസർക്കാർ സ്ഥാപനമായ CSIR-NIIST (National Institute of Interdisciplinary Sciences and Technology) മുഖേന 14.02.2022-ലെ സ.ഉ(സാ.ധാ) നം.694/2022/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, എറണാകുളം എന്നീ 8 ജില്ലകളിൽ മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. അതിൽ കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളുടെ ഡി.എസ്.ആർ സ്റ്റേറ്റ് എൻവിയോൺമെന്റ് ഇംപാക്ട് അതോറിറ്റിയുടെ (SEIAA) അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ മണൽ ലഭ്യതയുള്ള രണ്ട് കടവുകളും |

| | | | |
|---|---|---|---|
| | | | കുളത്തൂപ്പുഴ റിസർവ് വനമേഖലയിലും കുളത്തൂപ്പുഴ ESA വില്ലേജ് പരിധിയിലും ഉൾപ്പെട്ടിട്ടുള്ളതിനാൽ പുഴമണൽ ഖനനം ഉൾപ്പെടെയുള്ള ഖനന പ്രവർത്തനങ്ങൾ പാടില്ല എന്ന് SEIAA നിർദ്ദേശിച്ചിട്ടുണ്ട്.<br><br>പത്തനംതിട്ട ജില്ലയുടെ കരട് ഡി.എസ്.ആർ SEIAA-യുടെ പരിഗണനയിലാണ്. എറണാകുളം ജില്ലയുടെ കരട് ഡി.എസ്.ആർ-ന്റെ സബ്-ഡിവിഷണൽ കമ്മറ്റിയുടെ സ്ഥല പരിശോധന പുരോഗമിക്കുന്നു. കോഴിക്കോട്, ഇടുക്കി, കോട്ടയം എന്നീ 3 ജില്ലകളിൽ കരട് ഡി.എസ്.ആർ പ്രകാരം മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ നിലവിലില്ല. പ്രസ്തുത ജില്ലകളിൽ മണൽ ലഭ്യത സംബന്ധിച്ചുള്ള പരിശോധന ആറുമാസത്തിനുശേഷം വീണ്ടും നടത്തുന്നതിനു 22.10.2024 തീയതിയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.<br><br>മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്, എറണാകുളം, പത്തനംതിട്ട എന്നീ 7 ജില്ലകളുടെ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് പ്രകാരം മണൽ ഖനന സാധ്യതയുള്ള 14 നദികളിലെ 189 (5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള സൈറ്റുകൾ-149 & 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സൈറ്റുകൾ – 40), സാൻഡ് മൈനിംഗ് സൈറ്റുകളിലായി 1,70,25,861.48 മെട്രിക് ടൺ മൈനബിൾസ് സാൻഡ് ലഭ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ട് .പട്ടിക അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത സാൻഡ് മൈനിംഗ് സൈറ്റുകളുടെ ഗൈഡുലൈനുകൾ പ്രകാരമുള്ള അതിർത്തി നിർണ്ണയവും അവയുടെ സമ്മർ വാട്ടർ ലെവലിനെ മീൻ സീ ലെവലുമായി (MSL) ലിങ്ക് ചെയ്യുന്ന പ്രവർത്തനവും നിലവിൽ പുരോഗമിക്കുകയാണ്. പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനായി 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള സൈറ്റുകളുടെ മൈനിങ് പ്ലാനും, 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സൈറ്റുകളുടെ മൈനിങ് പ്ലാനും എൻവിയോൺമെന്റൽ ഇമ്പാക്ട് അസസ്സ്മെൻറും അനുബന്ധരേഖകളും തയ്യാറാക്കി സ്റ്റേറ്റ് എൻവിയോൺമെന്റ് ഇമ്പാക്ട്മെന്റ് അതോറിറ്റിയിൽ (SEIAA) സമർപ്പിക്കേണ്ടതായിട്ടുണ്ട്. പാരിസ്ഥിതിക അനുമതി ലഭിക്കുന്നതോടെ കെട്ടിട നിർമ്മാണത്തിന് ഉൾപ്പെടെ ഗുണകരമാകുന്ന നിലയിൽ നദികളിൽ നിന്നും മണൽ നീക്കം ചെയ്യാൻ സാധിക്കുന്നതാണ്. |
| (സി) | ഇത്തരത്തിൽ മണൽ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്തെ നദികളിൽ നിന്നും പാരിസ്ഥിതിക അനുമതിയോടുകൂടി (Environmental Clearance) |

മണൽ ഖനനം നടത്തുന്നതിന് വേണ്ട നിയമാനുസൃത നടപടികൾ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു. പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിന് ആവശ്യമായ ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ട് (DSR) ബഹു.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 14.10.2020 തീയതിയിലെ OA No.40/2020 നമ്പർ ഉത്തരവിന്റെ പശ്ചാത്തലത്തിൽ സാൻഡ് ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ മണൽ ലഭ്യത കണ്ടെത്തിയിരുന്ന 17 നദികൾ ഉൾപ്പെട്ട 11 ജില്ലകൾക്ക് വേണ്ടി (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തയ്യാറാക്കുന്ന പ്രവർത്തനം കേന്ദ്രസർക്കാർ സ്ഥാപനമായ CSIR-NIIST (National Institute of Interdisciplinary Sciences and Technology) മുഖേന 14.02.2022-ലെ സ.ഉ(സാ.ധാ) നം.694/2022/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, എറണാകുളം എന്നീ 8 ജില്ലകളിൽ മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. അതിൽ കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളുടെ ഡി.എസ്.ആർ സ്റ്റേറ്റ് എൻവിയോൺമെന്റ് ഇംപാക്റ്റ് അതോറിറ്റിയുടെ (SEIAA) അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ മണൽ ലഭ്യതയുള്ള രണ്ട് കടവുകളും കുളത്തൂപ്പുഴ റിസർവ് വനമേഖലയിലും കുളത്തൂപ്പുഴ ESA വില്ലേജ് പരിധിയിലും ഉൾപ്പെട്ടിട്ടുള്ളതിനാൽ പുഴമണൽ ഖനനം ഉൾപ്പെടെയുള്ള ഖനന പ്രവർത്തനങ്ങൾ പാടില്ല എന്ന് SEIAA നിർദ്ദേശിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയുടെ കരട് ഡി.എസ്.ആർ SEIAA-യുടെ പരിഗണനയിലാണ്. എറണാകുളം ജില്ലയുടെ കരട് ഡി.എസ്.ആർ-ന്റെ സബ്-ഡിവിഷണൽ കമ്മറ്റിയുടെ സ്ഥല പരിശോധന പുരോഗമിക്കുന്നു. കോഴിക്കോട്, ഇടുക്കി, കോട്ടയം എന്നീ 3 ജില്ലകളിൽ കരട് ഡി.എസ്.ആർ പ്രകാരം മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ നിലവിലില്ല. പ്രസ്തുത ജില്ലകളിൽ മണൽ ലഭ്യത സംബന്ധിച്ചുള്ള പരിശോധന ആറുമാസത്തിനുശേഷം വീണ്ടും നടത്തുന്നതിനു 22.10.2024 തീയതിയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്, എറണാകുളം, പത്തനംതിട്ട എന്നീ 7 ജില്ലകളുടെ ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ട് പ്രകാരം മണൽ ഖനന

| | | | |
|---|---|---|---|
| | | | സാധ്യതയുള്ള 14 നദികളിലെ 189 (5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള സൈറ്റുകൾ-149 & 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സൈറ്റുകൾ – 40), സാൻഡ് മൈനിംഗ് സൈറ്റുകളിലായി 1,70,25,861.48 മെട്രിക് ടൺ മൈനബിൾസ് സാൻഡ് ലഭ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ട് .പട്ടിക അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത സാൻഡ് മൈനിംഗ് സൈറ്റുകളുടെ ഗൈഡ്‌ലൈനുകൾ പ്രകാരമുള്ള അതിർത്തി നിർണ്ണയവും അവയുടെ സമ്മർ വാട്ടർ ലെവലിനെ മീൻ സീ ലെവലുമായി (MSL) ലിങ്ക് ചെയ്യുന്ന പ്രവർത്തനവും നിലവിൽ പുരോഗമിക്കുകയാണ്. പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനായി 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള സൈറ്റുകളുടെ മൈനിങ് പ്ലാനും, 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സൈറ്റുകളുടെ മൈനിങ് പ്ലാനും എൻവിയോൺമെന്റൽ ഇമ്പാക്ട് അസസ്സ്മെൻറും അനുബന്ധരേഖകളും തയ്യാറാക്കി സ്റ്റേറ്റ് എൻവിയോൺമെന്റ് ഇമ്പാക്ട്മെന്റ് അതോറിറ്റിയിൽ (SEIAA) സമർപ്പിക്കേണ്ടതായിട്ടുണ്ട്. പാരിസ്ഥിതിക അനുമതി ലഭിക്കുന്നതോടെ കെട്ടിട നിർമ്മാണത്തിന് ഉൾപ്പെടെ ഗുണകരമാകുന്ന നിലയിൽ നദികളിൽ നിന്നും മണൽ നീക്കം ചെയ്യാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ജില്ല | നദി | 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള സൈറ്റുകൾ | 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സൈറ്റുകൾ | മൈനബിൾ സാൻഡ് (മെട്രിക് ടണ്ണിൽ) |
|---|---|---|---|---|---|
| 1 | പത്തനംതിട്ട | അച്ചൻകോവിൽ | 7 | 0 | 113430 |
| | | പമ്പ | 12 | 1 | |
| 2 | എറണാകുളം | മൂവാറ്റുപുഴ | 2 | 0 | 38250 |
| | | പെരിയാർ | 5 | 0 | |
| 3 | മലപ്പുറം | ഭാരതപ്പുഴ | 3 | 8 | 5753931 |
| | | ചാലിയാർ | 19 | – | |
| | | കടലുണ്ടി | 6 | 0 | |
| 4 | പാലക്കാട് | ഭാരതപ്പുഴ | 29 | 17 | 7058044 |
| 5 | തൃശ്ശൂർ | ഭാരതപ്പുഴ | 16 | 11 | 3178126 |
| 6 | കണ്ണൂർ | വളപട്ടണം | 5 | 1 | 414129 |
| | | ശ്രീകണ്ഠാപുരം | 16 | 0 | |
| | | പെരുമ്പ | 3 | 0 | |
| 7 | കാസർഗോഡ് | ഷിറിയ | 4 | 1 | 469951.48 |
| | | ഉപ്പള | 7 | 1 | |
| | | ചന്ദ്രഗിരി-II | 3 | 0 | |
| | | മൊഗ്രാൽ | 12 | | |
| **ആകെ** | | | **149** | **40** | **1,70,25,861.48** |

സെക്ഷൻ ഓഫീസർ